# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

ജൂലൈ 6 ഞായർ


## ഇന്റർ സ്കൂൾ ക്വിസ് മത്സരം സംഘടിപ്പിച്ച് ഫ്ളോറ നേച്ചർ ക്ലബ്



ഫാ .ജോസ് താമരക്കാട്ട്

ചെറുപുഴ: ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി ഇന്റർ സ്കൂൾ ക്വിസ് മത്സരം സംഘടിപ്പിച്ചു. വിവിധ സ്കൂളുകളിൽ നിന്നും പതിനെട്ട് വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ ഒന്നാം സമ്മാനമായ ആയിരം രൂപയും മൊമെന്റോയും സർട്ടിഫിക്കറ്റും ചെറുപുഴ സെന്റ് മേരീസ് സ്കൂൾ വിദ്യാർഥികളായ മിഷേൽ പ്രണേഷ്, മാത്യു മനോ എന്നിവർക്ക് ലഭിച്ചു . രണ്ടാം സമ്മാനമായ എഴുന്നൂറ്റി അമ്പത് രൂപയും മൊമെന്റോയും സർട്ടിഫിക്കറ്റും ജി എച്ച് എസ്സ് എസ്സ് വയക്കരയിലെ വിദ്യാർഥികളായ ശിവധ രാജീവൻ, ശിവ കെ. എസ്. എന്നിവർക്ക് ലഭിച്ചു. മൂന്നാം സമ്മാനമായ അഞ്ഞൂറ് രൂപയും മൊമെന്റോയും സർട്ടിഫിക്കറ്റും ജി എച്ച് എസ്സ് എസ്സ് കോഴിച്ചാലിലെ വിദ്യാർഥികളായ ഡിമൽ ഡിജോ, ആദർശ് ബിന്റോ എന്നിവർ നേടി. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും സമ്മാനങ്ങളും കോളേജ് ഡയറക്ടർ ഫാദർ സിജോയ് പോൾ, കൊമേഴ്സ് വിഭാഗം എച്ച്. ഒ. ഡി. മാത്യു എം. ജെ. എന്നിവർ വിതരണം ചെയ്തു. മത്സരത്തിലെ വിജയികൾക്ക് കോളജ് പ്രിൻസിപ്പൾ ഡോക്ടർ കെ. കെ. സോമശേഖരൻ ക്യാഷ് പ്രൈസും, മോമെന്റോയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു . പങ്കെടുത്ത എല്ലാവർക്കും കൈനിറയെ സമ്മാനങ്ങൾ നൽകിക്കൊണ്ട്. വ്യത്യസ്തത സൃഷ്ടിച്ച പ്രോഗ്രാം ആണ് നടന്നത്. ഫ്ലോറ നേച്ചർ ക്ലബ്ബ് കോർഡിനേറ്റർ ഫാദർ ജോസ് താമരക്കാട്ട് ക്വിസ് മാസ്റ്റർ ആയ പ്രോഗ്രാമിന് ഇംഗ്ലീഷ് വിഭാഗം മേധാവി ആതിര സി. വി., വിദ്യാർഥികളായ ജസീൽ എ. വി. , ജിനു ഷാജി, സിസ്റ്റർ ആഷ്ന, അർഷിയ എന്നിവർ നേതൃത്വം നൽകി.

## ലഹരിയായി ഫുട്ബോൾ



ഫെബിൻ ബിജു

ജൂൺ 26 ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നവജ്യോതി കോളേജ് സ്റ്റുഡന്റസ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഇൻട്രാ കോളേജിയേറ്റ് സെവൻസ് ടൂർണമെന്റ് കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ടു. ആന്റി ഡ്രഗ്സ് ദിനത്തിൽ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചതിന്റെ പ്രധാന ലക്ഷ്യം മയക്കുമരുന്നുകളുടെ ദുഷ്പ്രഭാവങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും, കായിക പ്രവർത്തനങ്ങൾ പോലെ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയുമാണ്. യുവജനങ്ങളെ കായിക വിനോദങ്ങളിലേക്ക് ആകർഷിക്കുന്നത് ലഹരി ഉപയോഗത്തിൽ നിന്ന് അവരെ അകറ്റി നിർത്താനുള്ള ഒരു പ്രധാന മാർഗ്ഗമാണ്. ഫുട്ബോൾ പോലുള്ള ടീം ഗെയിമുകൾ ശാരീരികവും മാനസികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്നു, കൂടാതെ അച്ചടക്കം, സഹകരണം, നേതൃത്വഗുണങ്ങൾ എന്നിവ വളർത്താനും സഹായിക്കുന്നു.ഈ മത്സരം ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിലേക്ക് ശക്തമായി എത്തിക്കാൻ ഒരു സഹായിച്ചു .വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നുമായി 5 ടീമുകൾ പങ്കെടുത്തു. ടൂർണമെൻറ് വിജയായത് ബികോം ഇഅ , ഫിനാൻസ് ഡിപ്പാർട്ട്മെൻറ് ടീമും, റണ്ണേഴ്സ് അപ്പ് ബിബിഎ ഡിപ്പാർട്ട്മെൻറ് ടീമും ആണ്. ബെസ്റ്റ് പ്ലെയറായി തിരഞ്ഞെടുക്കപ്പെട്ടത് ആദിത്യൻ ഇ , (ബികോം CA).ബെസ്റ്റ് ഗോൾകീപ്പറായി തിരഞ്ഞെടുക്കപ്പെട്ടത് അക്ഷയ് കുര്യാക്കോസ് തോമസ് (ബികോം CA) ആണ്.വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫിയും നൽകി.

## ലഹരി വിരുദ്ധ ദിനാചരണം നടത്തി



നവജ്യോതി കോളേജിൽ സൈക്കോളജി , സോഷ്യൽ വർക്ക് വിഭാഗങ്ങളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ചുള്ള പ്രോഗ്രാം നടത്തി . കോളേജ് മാനേജർ റവ.ഫാ.ജോസഫ് ചാത്തനാട്ട് ആമുഖ പ്രഭാഷണം നടത്തി .നവജ്യോതി കോളേജ് പ്രിൻസിപ്പൽ ഡോ. കെ കെ സോമശേഖരൻ സർ അധ്യക്ഷനായ ചടങ്ങിൽ, ഡയറക്ടർ റവ. ഫാ. സിജോയ് പോൾ ഉത്ഘാടന കർമം നിർവഹിച്ചു. ലോകാസമസ്താ സുഖിനോ ഭവന്ദു... എല്ലായിടത്തും എല്ലാവർക്കും സന്തോഷവും സ്വാതന്ത്ര്യവും ഉണ്ടാകട്ടെ ലഹരി വസ്തുകളുടെ ഉപയോഗത്തിൽ നിന്നും പിൻമാറി എല്ലാവർക്കും പ്രകാശമായി മാറി നല്ലൊരു യുവതലമുറ വാർത്തടുക്കാൻ സാധിക്കട്ടെ എന്ന് മുഖ്യ പ്രഭാഷണത്തിലൂടെ ഡോ.റവ.ഫാ ജിനോ പെരുഞ്ചേരി കുട്ടികളെ ഉദ്ബോധിപ്പിച്ചു. കോളേജ് യൂണിയൻ അഡ്വൈസർ മിസ്റ്റർ .എബി ജോസ് ലഹരി വിരുദ്ധ ദിനത്തിന്റെ പ്രതിജ്ഞ ചൊല്ലി കൊടുത്തു. ലഹരി വസ്തുക്കൾ സമൂഹത്തെ കാർന്നെടുക്കുന്ന വിപത്താണ് എന്ന ആശയം ഉൾക്കൊള്ളുന്ന തെരുവു നാടകം സൈക്കോളജി , സോഷ്യൽ വർക്ക് വിഭാഗത്തിലെ വിദ്യാർത്ഥികൾ അവതരിച്ചു. സോഷ്യൽ വർക്ക്, സൈക്കോളജി വിഭാഗ മേധാവി റവ.ഫാ. ബിനോയ് വാഴയിൽ കാര്യ പരിപാടികൾക്ക് നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് നവജ്യോതി കോളേജ്



നവജ്യോതി കോളേജ് സോഷ്യൽ വർക്ക്, സൈക്കോളജി വിഭാഗത്തിന്റെയും കാക്കയംച്ചാൽ സെന്റ് സെബാസ്റ്റ്യൻ ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സോഷ്യൽ വർക്ക് പ്രതിനിധിയായ ആൽബർട്ട് മാത്യു എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഉദ്ഘാടന മീറ്റിങ്ങിൽ കോളേജ് ഡയറക്ടർ സിജോയ് പോൾ അധ്യക്ഷത വഹിച്ചു സംസാരിച്ചു. മാനേജർ ഫാദർ ജോസഫ് ചാത്തനാട്ട് ഉദ്ഘാടനം നിർവഹിച്ചു. കാക്കയംച്ചാൽ സെന്റ് സെബാസ്റ്റ്യൻ ഹോസ്പിറ്റൽ അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ സജീവ എം എസ് ജെ, കോളേജ് പ്രിൻസിപ്പൽ ഡോക്ടർ കെ കെ സോമശേഖരൻ സർ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അസ്ഥിരോഗ വിഭാഗം, ജനറൽ മെഡിസിൻ എന്നീ സൗകര്യങ്ങളാണ് ക്യാമ്പിൽ ഉണ്ടായിരുന്നത്. നിരവധി ആളുകൾ ക്യാമ്പിൽ പങ്കെടുക്കുകയും ക്യാമ്പ് വിജയകരമായി തീരുകയും ചെയ്തു.

# EDITORIAL

## The Unchecked Surge of Mobile Usage Among Youth

In an age where technology reigns supreme, mobile phones has become an indispensable part of everyday life. What was once a simple device for communication has transformed into a powerful tool for entertainment, education, and social interaction. Nowhere is this transformation more visible than among today's youth, who have embraced smartphones as extensions of themselves. While this digital revolution has undoubtedly opened up new avenues of learning and connectivity, it has also raised serious concerns about its long-term impact on young minds and society.

Across urban and rural India alike, studies suggest that over 85 percent of teenagers now own a smartphone. For many, it serves as a gateway to the world — offering access to online classes, news, social media, games, and endless streams of content. The COVID-19 pandemic only accelerated this trend, turning mobile devices into virtual classrooms and social lifelines. However, the consequences of unchecked screen time are beginning to show.

Moreover, the addictive nature of mobile applications, driven by relentless notifications and algorithmic content suggestions, has made it difficult for young users to disconnect. Many youths spend upwards of six hours a day glued to their screens — a figure that not only affects their physical health but also their mental well-being and social growth.

Parents, educators, and policymakers must work collectively to create awareness about responsible mobile use. Schools should introduce digital literacy programs that teach students about balanced technology consumption and the importance of offline activities. At home, families must foster open conversations about the risks of mobile overuse and set healthy boundaries.

The government too has a role to play. Regulations on advertising aimed at children, stricter content moderation, and public awareness campaigns can help mitigate some of the risks associated with mobile addiction. Importantly, youth themselves must be encouraged to develop self-discipline and an understanding of the value of real-world experiences beyond their screens.

While technology is here to stay, its relationship with young users must be carefully managed. Mobile phones, when used wisely, are powerful tools for growth and learning. But without mindfulness and moderation, they risk becoming agents of distraction and detachment. The need of the hour is a balanced, conscious approach that ensures technology remains a servant, not a master.

Karthik K S

# സമ്മാനപ്പെരുമഴ



ചെറുപുഴ നവജ്യോതി കോളജിലെ ഫ്ലോറ നേച്ചർ ക്ലബ്ബ് സംഘടിപ്പിച്ച സമ്മാനക്കൂപ്പണിന്റെ നറുക്കെടുപ്പ് നടത്തി ജേതാക്കൾക്ക് സമ്മാനം വിതരണം ചെയ്തു.നറുക്കെടുപ്പിൽ കരുവഞ്ചാലിൽ നിന്നുള്ള സിറാജിന് ഏത്തക്കാട്ട് ട്രൈഡേഴ്സ് സ്പോൺസർ ചെയ്യുന്ന ഒന്നാം സമ്മാനമായ ഫ്രിഡ്ജ് ലഭിച്ചു . ചെറുപുഴ SAV and ഗ്രീൻ ലാൻഡ് ബിൽഡേഴ്സ് സ്പോൺസർ ചെയ്യുന്ന രണ്ടാം സമ്മാനമായ സാംസങ് സ്മാർട്ട് ഫോൺ പാലാവയൽ സ്വദേശി മാത്യു ഷാജുവിന് ലഭിച്ചു. സ്പാൻഹൂയസ് ഇന്റീരിയർ പടന്നക്കാട് സ്പോൺസർ ചെയ്യുന്ന മൂന്നാം സമ്മാനമായ ബട്ടർഫ്ലൈ മിക്സി ചുണ്ടസ്വദേശി കല്ല്യാണിയമ്മയ്ക്ക് ലഭിച്ചു. ബർബറി റെസ്റ്റോറന്റ് ആലക്കോട് സ്പോൺസർ ചെയ്യുന്ന നാലാം സമ്മാനമായ എമെറൈമരസ സ്മാർട് വാച്ച് പാൽച്ചുരം സ്വദേശി മിനിയ്ക്ക് ലഭിച്ചു. ബ്രിജേഷ് വെൽഡിംഗ് വേൾഡ് കക്കെൻചാൽ സ്പോൺസർ ചെയ്യുന്ന അഞ്ചാം സമ്മാനമായ ഓറിയന്റൽ ഇലക്ട്രിക് കെറ്റിൽ തിരുമേനി സ്വദേശി ജെയ്സന് ലഭിച്ചു.വേൾഡ് വിഷൻ ഇലക്ട്രോണിക്സ് ചെറുപുഴ സ്പോൺസർ ചെയ്യുന്ന ആറാം സമ്മാനമായ ഇലക്ട്രിക് ഹാൻഡ് മിക്സർ പാലാവയൽ സ്വദേശി ജിയോ ജോണിന് ലഭിച്ചു. ബനാന ലീഫ് ചെറുപുഴ നൽകുന്ന ഏഴാം സമ്മാനമായ ഹാവൽസ് അയേൺ ബോക്സ് കണ്ണിവയൽ സ്വദേശി നരേന്ദ്രനാഥിന് ലഭിച്ചു. കോളജിൽ വെച്ച് നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൾ ഡോക്ടർ കെ.കെ. സോമശേഖരൻ, ഇംഗ്ലീഷ് വിഭാഗം H.O.D. ആതിര C.V. എന്നിവർ സമ്മാനം കൈമാറി

# BEYOND THE BALANCE SHEET



ഫാത്തിമത്ത് നാഫിയ

ചെറുപ്പുഴ: നവജ്യോതി കോളേജിൽ ജൂലൈ 1 ന് സി. എ.ഡേയുടെ ഭാഗമായി PG Department of Commerce ന്റെ ആഭിമുഖ്യത്തിൽ 'Beyond the balance sheet' എന്ന പ്രോഗ്രാം സങ്കടിപ്പിക്കുകയുണ്ടായി. പരിപാടിയിൽ അധ്യക്ഷത വഹിച്ചത് കോളേജ് പ്രിൻസിപ്പൽ ശ്രീ സോമശേഖരൻ സാറാണ് .ഉത്ഘാടന കർമ്മം നിർവഹിച്ചത് കോളേജ് ഡയറക്ടർ ഫാ: സിജോയ് പോൾ അച്ചനായിരുന്നു.പ്രോഗ്രാമിന്റെ വിശിഷ്ടാതിഥി കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും ഒരുപാട് ഉത്തരവാദിത്യ മേഖലകളിൽ പ്രവർത്തിക്കുകയും ചെയ്യുന്ന സി. എ അഞ്ജലി ടോമിയുമായിരുന്നു.. വിശിഷ്ടാതിഥിക്ക് മൊമെന്റോ നൽകി ആദരിച്ചത് PG Department of Commerce ന്റെ HOD മാത്യു സാറാണ്.സ്വാഗത പ്രസംഗം നടത്തിയത് അസിസ്റ്റന്റ് പ്രൊഫസർ എബി.ജോസ് സാറാണ്. ' TAXATION IN PRACTICE" എന്ന ടോപ്പിക്കിൽ വിദ്യാർത്ഥികളുമായി സംവദിച്ച സി. എ. അഞ്ജലി ടോമി CA പ്രൊഫഷന്റെ വിശദമായ വിവരണവും,ഭാവി സാധ്യതകളും എത്രമാത്രം സാമ്പത്തിക സുരക്ഷിതത്വം ഈ പ്രൊഫഷൻ ഉറപ്പാക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് തികച്ചും ലളിതമായും ആധികാരികമായും മനസ്സിലാക്കി കൊടുത്തു. വിത്യസ്തവും ഊർജപൂർണവുമായ സംവാദം വിദ്യാർത്ഥികളെയും ഏറെ സ്വാധീനിക്കുകയുണ്ടായി .ഇതിനുപരിയായി വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും അവർക്കു പോകേണ്ട മേഖലകളെകുറിച്ചുള്ള സംശയങ്ങൾ തീർത്ത് കൊടുക്കുകയും ചെയ്തു.

# ഫിംഗേഴ്സ് ദാറ്റ് ക്രാഫ്റ്റ് ഹാർട്ട് ദാറ്റ് ക്രിയേറ്റ്



സൂര്യ ശങ്കർ


2025 ജൂൺ 20ന് പാറക്കടവിലെ എ.എൽപി സ്കൂളിൽ 'ഫിംഗേഴ്സ് ദാറ്റ് ക്രാഫ്റ്റ് ഹാർട്ട് ദാറ്റ് ക്രിയേറ്റ്' എന്ന പ്രമേയത്തിൽ മാനേജ്മെന്റ് സ്റ്റഡീസ് വകുപ്പ് 'ക്രാഫ്റ്റി ഫിംഗേഴ്സ്' പരിപാടി വിജയകരമായി സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ ബിജു സാറാണ് പരിപാടി ഔപചാരികമായി തുടക്കം കുറിച്ചത്. വിദ്യാർത്ഥികളുടെ സർഗാത്മകത വർദ്ധിപ്പിക്കുക, അവരുടെ കരകൗശല പരിജ്ഞാനം മെച്ചപ്പെടുത്തുക, കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു വേദി ഒരുക്കുക എന്നിവയാണ് പരിപാടിയുടെ പ്രഥമമായ ലക്ഷ്യം . ഇതിന് പ്രധാനമായും നേതൃത്വം നൽകിയത് അഞ്ചാം സെമസ്റ്റർ ബി.ബി.എ വിദ്യാർത്ഥികളായ ഫാത്തിമ ഷിഫ,ഡബോറ ജോയ്, സൂര്യ ശങ്കർ,ഫർഹാന എംഎന്നിവരാണ്. ഉച്ചയ്ക്ക് രണ്ടുമണിക്ക് ആരംഭിച്ച പരിപാടിയിൽ ഈ സംരംഭത്തിന്റെ ഗുണഭോക്താക്കളായ എ.എൽപി സ്കൂളിലെ 17 വിദ്യാർഥികൾ പങ്കെടുത്തു .'ക്രാഫ്റ്റി ഫിംഗേഴ്സ്' എന്ന പരിപാടി വിദ്യാർഥികളിൽ സർഗാത്മകത, നവീകരണം, ടീം വർക്ക് എന്നിവ വളർത്തിയെടുക്കാൻ ഉദ്ദേശിച്ചുള്ളതാണ്. വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ കരകൗശല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പങ്കെടുക്കുന്നവർക്ക് വ്യക്തമായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി പരിപാടി നന്നായി സംഘടിപ്പിച്ചതിൽ ബി. ബി.എ വിദ്യാർത്ഥികൾ അവരുടെ മാനേജ്മെന്റ് കഴിവുകൾ എങ്ങനെ ഭംഗിയായി ചെയ്യാം എന്ന് എല്ലാവർക്കും മാതൃകയായി കാണിച്ചുതന്നു. വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ പരിപാടി അതിന്റെ ലക്ഷ്യങ്ങൾ നേടി. കൂടാതെ അവർക്ക് പലതരത്തിലുള്ള ഗെയിമുകളും നൽകിയിരുന്നു. അക്കാദമിക് മേഖലകൾക്കപ്പുറം വിദ്യാർഥികൾക്ക് അവരുടെ കഴിവുകളിൽ വളരാനും അത് വികസിപ്പിക്കുവാനും അവസരങ്ങൾ നൽകുന്നതിനുള്ള ഡിപ്പാർട്ട്മെന്റിന്റെ പ്രതിബദ്ധതയുടെ തെളിവാണ് ഈ പരിപാടിയുടെ വിജയം.

# Student's Talk




ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി Student's Talk എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾത്തന്നെ റിസോഴ്സ് പേഴ്സൺ ആയി നിന്നുകൊണ്ട് നടത്തിയ ഈ പ്രോഗ്രാം കൂടുതൽ അറിവ് പകരുന്നതായിരുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് മൂന്ന് ദിനങ്ങളിൽ മൂന്ന് വിദ്യാർത്ഥികൾ പ്രഭാഷണം നടത്തി. മൂന്നാം വർഷ BBA വിദ്യാർത്ഥിനി അക്ഷര രഘു, രണ്ടാം വർഷ ബികോം വിദ്യാർത്ഥി അജയ് തോമസ്, രണ്ടാം വർഷ ബി.ബി.എ വിദ്യാർത്ഥിനി അർച്ചന അനിൽ എന്നിവർ ആണ് പ്രഭാഷണം നടത്തിയത്.

## Reel to Beat Plastic Poliution




പ്ലാസ്റ്റിക് മലിനീകരണത്തിന്റെ പ്രശ്നങ്ങളെ തുറന്ന് കാണിക്കാൻ ഫ്ളോറ നേച്ചർ ക്ലബ്ബ് റീൽ മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ തോമസ് പി.ജെ. ഒന്നാം സ്ഥാനവും (400) അർഷിയ K.A. രണ്ടാം സ്ഥാനവും (300) ശ്രീയുക്ത ദേവി V.M. മൂന്നാം സ്ഥാനവും (200) നേടി.

# തണൽ മരങ്ങൾ



ചെറുപുഴ നവജ്യോതി കോളേജിൽ പ്രവർത്തിക്കുന്ന ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിന ആഘോഷം നടത്തി. Urvi Mater (ഉർവ്വി മാത്തർ) അതായത് ഭൂമി മാതാ എന്ന പേരിൽ ഒരു മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി മാസാചരണം ആണ് ഫ്ലോറ നേച്ചർ ക്ലബ്ബ് നടത്തുന്നത്. പരിസ്ഥിതി ദിനമായ ജൂൺ 5ന് നേച്ചർ ക്ലബ്ബ് അംഗങ്ങൾ ക്യാമ്പസിൽ വിവിധ മരത്തൈകൾ നട്ടു. മരത്തൈ നടലിന് അഹന സി. കെ., അലൻ സജി എന്നിവർ നേതൃത്വം നൽകി.

# KEY TO BEAT PLASTIC POLLUTION



ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെറുപുഴ ടൗണിൽ **Beat Plastic Pollution** -ബോധവൽക്കരണം നടത്തി. പ്ലാസ്റ്റിക് **recycle** ചെയ്തത് ഉപയോഗിച്ച് നിർമ്മിച്ച **Key chainÂ- Beat Plastic poliution, save our nature** തുടങ്ങിയ ബോധവൽക്കരണ വാക്കുകൾ പ്രിന്റ് ചെയ്ത് ചെറുപുഴ ടൗണിലെ ഓട്ടോ ഡ്രൈവർമാർ, മറ്റ് വാഹന ഉടമകൾ, പോലീസ് സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ 150 ആളുകൾക്ക് Key Chain വിതരണം ചെയ്തു. Key Chain വിതരണം ചെയ്യുന്നതോടൊപ്പം പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ഭവിഷ്യത്തിനെ കുറിച്ചും പ്ലാസ്റ്റിക് ഉപയോഗം കഴിയുന്നിടത്തോളം കുറയ്ക്കുക എന്നതിനെക്കുറിച്ചും വിദ്യാർത്ഥികൾ ആളുകളോട് സംസാരിച്ച് ബോധവൽക്കരണം നടത്തി. നവജ്യോതി കോളേജ് പ്രിൻസിപ്പൾ ഡോക്ടർ ഗ.ഗ. സോമശേഖരൻ സാർ ഫ്ലോറ നേച്ചർ ക്ലബ്ബ് അംഗം ആഷിക്കിൽ നിന്നും ഗല്യ ഇവമശി സ്വീകരിച്ചുകൊണ്ട്.പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫ്ലോറ അംഗങ്ങളായ ജസീൽ അ. ഡ. , അഹന C.K. എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

# Trash to Treasure




ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽTrash to Treasure എന്ന പേരിൽ പ്ലാസ്റ്റിക് റിസൈക്ലിംഗ് മത്സരം സംഘടിപ്പിച്ചു. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിച്ച് മനോഹരമായ വസ്തുക്കൾ നിർമ്മിച്ചുകൊണ്ട് ഈ മത്സരത്തിൽ വിദ്യാർത്ഥികൾ വിസ്മയം തീർത്തു. മത്സരത്തിൽ ആദിത്യ & റംഷീന എന്നിവരുടെ ടീം ഒന്നാം സ്ഥാനവും ഒലിവിയ & അർഷിയ എന്നിവരുടെ ടീമും നിവേദ്യ &ജിബിയ എന്നിവരുടെ ടീമും രണ്ടാം സ്ഥാനം നേടി. അനില & വന്ദന എന്നിവരുടെ ടീം മൂന്നാം സ്ഥാനം നേടി.

# ഡോക്ടേഴ്സ് ഡേ ആചരിച്ച് നവജ്യോതി കോളേജ്



നവജ്യോതി കോളേജ് സോഷ്യൽ വർക്ക്, സൈക്കോളജി ഡിപ്പാർട്മെന്റുകളുടെ നേതൃത്വത്തിൽ നാഷണൽ ഡോക്ടേർസ് ഡേയോടനുബന്ധിച്ച് സെന്റ്. സെബാസ്റ്റ്യൻ ഹോസ്പിറ്റൽ ചെറുപുഴ , ഗവണ്മെന്റ് പി.എച്ച്.സി സെന്റർ പുളിങ്ങോം എന്നിവിടങ്ങളിലെ എട്ട് ഡോക്ടേർസിനെ പൊന്നാടയണിച്ച് ആദരിച്ചു. ചടങ്ങിൽ ഡിപ്പാർട്മെന്റ് പ്രതിനിധി ആൽബർട്ട് മാത്യു എല്ലാവരും സ്വാഗതംചെയ്തു. ഡിപ്പാർമെന്റ് മേധാവി ഫാ. ബിനോയ് ആശംസ പ്രസംഗത്തിൽ ഡോക്ടേഴ്സ് ചെയ്യുന്ന നിസ്തുലമായ സേവനങ്ങളെ വിലമതിക്കുകയും മുൻപോട്ടുള്ള അവരുടെ സേവനങ്ങൾക്ക് ആശംസകൾ അറിയിച്ച് സംസാരിക്കുകയും ചെയ്തു. സ്റ്റാഫ് കോഡിനേറ്റർസ് സി.ഷാരോൺ MSMI, മിസ്. ജെയ്മി ജോൺസൺ എന്നിവർ ഈ ദിനത്തിന്റെ സന്ദേശങ്ങൾ നൽകി . സ്റ്റുഡന്റ് കോഡിനേറ്റർ തോമസ് പി ജെ പ്രോഗ്രാമിന് നന്ദിയർപ്പിച്ച് സംസാരിച്ചു.

# *എംപവർ യു’:

## നവജ്യോതി കോളേജിൽ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം



സ്നേഹ പ്രസാദ്


നവജ്യോതി കോളേജിൽ ഫൈനൽ ഇയർ ബി.കോം വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി എംപവർ യു എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. പരിപാടിയിൽ അധ്യക്ഷപദം അലങ്കരിച്ചത് കോളേജ് പ്രിൻസിപ്പൽ ഡോ: കെ. കെ. സോമശേഖരൻ സാറാണ്. പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിലെ എച്ച്.ഒ.ഡി. മാത്യു സാറാണ് വിശിഷ്ടാതിഥി ആയി എത്തിച്ചേർന്ന സി. ഡി. സ് ചെയർപേഴ്സൺ ശ്രീ. സുനിതകുമാരിക്ക് മൊമെന്റോ നൽകിയത്. സ്വാഗത പ്രസംഗം നടത്തിയത് അസിസ്റ്റന്റ് പ്രൊഫസർ എബി. ജോസ് സാറാണ്.ചെറുപുഴ ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ സുനിത കുമാരി മാം നവജ്യോതി കോളേജിലെ അവസാന വർഷ ബികോം ബിരുദ വിദ്യാർത്ഥി കളുടെ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളെയും കുടുംബശ്രീയെയും കുറിച്ച് വിശദമായി സംസാരിച്ചു.നിലവിൽ പലരും അറിയാതെ പോകുന്ന ഉപകാരപ്രധമായ പല മേഖലകളെയും, സർക്കാർ നൽകികൊണ്ടിരിക്കുന്ന സബ്സിടികളെ കുറിച്ചും, തികച്ചും സൗജന്യമായി വിദ്യാർത്ഥകൾക്കും, പഠിക്കാൻ താൽപ്പര്യമുള്ളവർക്കും നൽകി വരുന്ന ജോലി സാധ്യത ഏറെയുള്ള പല കോഴ്സുകളെ പറ്റിയും, സ്വയംപര്യാപ്ത മേഖല സാധ്യതകളെ കുറിച്ചും വളരെ വ്യക്തതയോടെ ശ്രീ സുനിതകുമാരി മാം സംസാരിക്കുകയുണ്ടായി.ഇതുപോലുള്ള പ്രോഗ്രാമുകൾ വിദ്യാർത്ഥികൾക്ക് പുതിയ അറിവുകളും പ്രായോഗിക പരിചയവും നേടാൻ ഏറെ സഹായിക്കുന്നു. ഓപ്പൺ ഡിസ്കഷനുകൾ, ആശയവിനിമയ സെക്ഷനുകൾ എന്നിവയിലൂടെ അവരുടെ ആത്മവിശ്വാസവും ലീഡർഷിപ്പ് കഴിവുകളും വളർത്തിയെടുക്കാനും സാധിക്കും.

# വായനായനം




വായന ദിനത്തോട് അനുബന്ധിച്ച് ഫ്ലോറ നേച്ചർ ക്ലബ്ബ് വായനാനുഭവ മത്സരം സംഘടിപ്പിച്ചു. വായിച്ച പുസ്തകങ്ങളിലെ ഏറ്റവും ഇഷ്ടപ്പെട്ട വരികൾ റീൽ രൂപത്തിൽ അവതരിപ്പിക്കുന്നതായിരുന്നു മത്സരം. മത്സരത്തിൽ മുഹമ്മദ് മിൻഹാജ്, അനന്യ രവി, സാന്ത്വന ഭാസ്കർ എന്നിവർ വിജയികളായി. വിജയികൾ ഓരോരുത്തർക്കും 300 രൂപ വിലയുള്ള പുസ്തകങ്ങൾ സമ്മാനം നൽകി.

# ചെറുപുഴ നവജ്യോതി കോളേജിൽ വെബ് ഹോസ്റ്റിംഗ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു




ചെറുപുഴ: നവജ്യോതി കോളേജ് BCA വിഭാഗവും എറണാകുളത്തെ Kerala Digital Park LLP എന്ന കമ്പനിയും സംയുക്തമായി സംഘടിപ്പിച്ച വെബ് ഹോസ്റ്റിംഗ് വർക്ക്ഷോപ്പ് ജൂൺ 13ന് രാവിലെ 9:30 മുതൽ 2:30 വരെ കോളേജിലെ ഓഡിയോ വിഷ്വൽ റൂമിലും കമ്പ്യൂട്ടർ ലാബിലുമായി നടന്നു. മൂന്നാം വർഷ BCA വിദ്യാർത്ഥികൾക്കായാണ് സെഷനുകൾ ക്രമീകരിച്ചത്.വർക്ക്ഷോപ്പ് ആരംഭത്തിൽ BCA ഡിപ്പാർട്ട്മെന്റ് മേധാവി ആനി സുഫലാമ്മ. എൻ. മാത്യു സ്വാഗതം ആശംസിച്ചു.വെബ്സൈറ്റ് ഡെവലപ്പ്മെന്റിനെയും ഹോസ്റ്റിംഗിനെയും കുറിച്ച് ആഴത്തിൽ പഠിക്കാൻ അവസരമായ വർക്ക്ഷോപ്പിൽ Kerala Digital Park LLP-യിലെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസർ അജൽ ജെറി, ഡെവലപ്പ്മെന്റ് ആൻഡ് ഓപ്പറേഷൻസ് ഓഫീസർ ശുഹ്ഫൻ ബഷീർ എന്നിവർ ക്ലാസുകൾ നയിച്ചു.

ഭാവിയിലെ തൊഴിൽ സാധ്യതകളെ കുറിച്ചുള്ള പ്രായോഗിക അറിവുകൾ നിറഞ്ഞ ക്ലാസുകൾ ആയിരുന്നുവെന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

# വിദ്യാർത്ഥികൾക്ക് സർക്കാർ ജോലികളിലേക്ക് വഴിയൊരുക്കി PSC പരീക്ഷ പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു.



**ആഷ്ണ മരിയ ഷാജി**

നവജ്യോതി കോളേജിൽ പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് രണ്ടാം വർഷ ബികോം വിദ്യാർഥികൾക്കായി Mastering mathematics for competitive success എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി 2.07.2025 ന് പി.എസ്.സി ഓൺലൈൻരജിസ്ട്രേഷൻ ഡ്രൈവ് നടത്തി. വിദ്യാർത്ഥികളിൽ സർക്കാർ ജോലിക്കായുള്ള താല്പര്യവും അവബോധവും ഉണർത്തുക എന്ന ലക്ഷ്യത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. അധ്യാപകരുടെ പിന്തുണയോടെ മുഴുവൻ വിദ്യാർത്ഥികളും ഈ പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി. പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ഈ പ്രോഗ്രാമിന് അധ്യാപകർ നേതൃത്വം നൽകി. ഉദ്യോഗ പരീക്ഷയിലേക്കുള്ള വിദ്യാർത്ഥികളുടെ ആദ്യ സംരംഭമായി ഈ പ്രോഗ്രാം മാറി.

# AI’s Dark Side: How Artificial Intelligence Is Becoming a Growing Threat to Society

Artificial Intelligence is becoming increasingly dangerous in our society due to its rapid and uncontrolled development. One of the most pressing concerns is job displacement, as AI-powered machines and software are replacing human workers in industries like manufacturing, customer service, and even healthcare. This shift is leading to rising unemployment rates and widening the economic gap between the rich and the poor.

Another alarming issue is the spread of misinformation. AI-generated content such as fake news, deepfake videos, and altered images can easily mislead the public, influence political decisions, and tarnish reputations. These technologies blur the line between reality and fabrication, creating an environment of distrust and confusion.

AI systems also raise serious ethical concerns due to their hidden biases. Trained on data that may contain societal prejudices, these systems can lead to discrimination in critical areas such as hiring, law enforcement, and banking. The use of AI in surveillance adds to the danger, as facial recognition and personal data tracking are often carried out without individuals’ knowledge or consent, violating fundamental privacy rights.

Perhaps most disturbing is the rise of autonomous weapons. These AI-powered systems can make lethal decisions without human oversight, posing a major threat to global security and human rights. Moreover, the lack of accountability in AI systems means that when something goes wrong, it’s unclear who is to blame—the developer, the user, or the machine itself.

Additionally, AI algorithms on social media platforms are designed to maximize engagement, often at the cost of user well-being. These algorithms can encourage addiction, spread harmful content, and contribute to mental health issues, particularly among younger users.

Without proper regulation, transparency, and ethical safeguards, artificial intelligence may cause more harm than good. As AI technology continues to evolve, society must act swiftly to address its risks and ensure it serves humanity rather than threatens it.

FEBIN BIJU

